**മത്തായി 20, 20-28 ജീവിതം സേവനമാണ്,സേവനം ആന്ദം കത്തെലും (മദർ തെരേസ).**

ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കുവാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.(മത്തായി 20, 28). ശുശ്രൂഷയിലൂടെ സ്വയം ഇല്ലാതായവനാണ് ക്രിസ്തു. സേവനത്തിന്റെ മാതൃക കാട്ടിത്തന്ന ക്രിസ്തു ശുശ്രൂഷക്കായി ബലി നൽകിയത് സ്വന്തം ജീവനാണ്. സ്വന്തം ജീവൻ നൽകിപ്പോലും മറ്റുള്ളവരെ ശുശ്രൂഷിച്ച യേശുവിനെ തിരിച്ചറിയാൻ സാധിക്കാത്ത സെബദീപുത്രന്മാരയാണ് നാം ഇന്ന് സുവിശേഷത്തിൽ കുമുട്ടുക. അധികാരമുള്ള രാജ്യവും, സിംഹാസനവും, ആ സിംഹാസനത്തിൽ നല്ല അധികാരമുള്ള ഒരു സ്ഥാനവും പ്രതീക്ഷിച്ചുവന്ന സെബദീപുത്രന്മാരെ കാത്തിരുന്നത് നിരാശ നൽകുന്ന ഗുരുമൊഴിയായിരുന്നു. നമ്മുടെ തിരഞ്ഞെടുപ്പ് ആരെയും ഭരിക്കാനല്ല മറിച്ച് ശുശ്രൂഷിക്കുവാനാണ്. **മറ്റുമനുഷ്യരെ സേവിക്കുകയാണ് ഓരോ മനുഷ്യന്റെയും ദൈവവിദ്യ**യെന്ന് ടോൾസ്റ്റോയി പറഞ്ഞതിന്റെയും അർത്ഥം ഇതുതന്നെ. ജീവിതത്തിന്റെ എല്ലാതുറകളും സേവനനിരതമാണ്. സേവനമില്ലാതെ കുടുംബമില്ല, സ്കൂളില്ല, സ്ഥാപനങ്ങളില്ല..........

ശുശ്രൂഷക്ക് വേതനമായി ചെലപ്പോൾ സ്വജീവൻ പോലും കൊടുക്കേി വരും. അതുകൊണ് ഈശോ അവരോട് ചോദിക്കുക ഞാൻ കുടിക്കുവാൻ പോകുന്ന പാനപാത്രം നിങ്ങൾ കുടിക്കുമോയെന്ന്. അതിനർത്ഥം എന്റെ സഹനത്തിൽ പങ്കുചേരുവാനും, സ്വജീവൻ ബലിനൽകുവാനും നിങ്ങൾ സന്നദ്ധരാണോ എന്നാണ്. എന്നാൽ ഈ ഗുരുവചനത്തിന്റെ അർത്ഥം മനസ്സിലാക്കാതെ അവർ സമ്മതം മൂളുന്നു. ഈശോയുടെ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാക്കിയിരുന്നെങ്കിൽ അവന്റെ സഹനത്തിന്റെ മണിക്കൂറുകളിൽ അവർ അവനെ ഉപേക്ഷിച്ചു പോകുകയില്ലായിരുന്നു. അതുകൊ്  അവന്റെ സിംഹാസനം കുരുശാണെന്ന് നാം തിരിച്ചറിയണം. ആകുരിശിനുചുറ്റും ഇരിക്കാനാണ് നാം ആഗ്രഹിക്കേത്. ശുശ്രൂഷിച്ചുകൊാണ് ക്രിസ്തു ഭരണം നടത്തുന്നത്. ആ ശുശ്രൂഷ സ്നേഹത്തിൽ നിന്ന് ഉരിത്തിരിയുന്നതാണ്.

സ്നേഹംകൊ് ശുശ്രൂഷിക്കുമ്പോളാണ് അതിൽ ആന്ദം കത്തെുവാൻ സാധിക്കുന്നത്. അതുകൊാണ് മദർതെരേസ പറഞ്ഞത്, **ജീവിതം...സേവനമാണ് സേവനം ആന്ദം കത്തെലുമെന്ന്**. (മദർ തെരേസ). കോൽക്കത്തയിലെ തെരുവുകളിൽ പിറന്നുവീണ അനാഥ ശിശുക്കളെയും തെരുവോരങ്ങളിൽ പുഴുവരിച്ചുകിടന്ന രോഗികളെയും മരണാസന്നരെയും വാരിയെടുത്ത് നെഞ്ചോട് ചേർത്ത് അവർക്ക് അമ്മയായി, ആശ്വാസമായി, താങ്ങും തണലുമായി മാറിയവളാണ് മദർതെരേസ. വഴിയോരത്തെ മാലിന്യ കുപ്പയിൽ നിന്ന് വളരെപ്പേരെ അവൾ ജീവിതത്തിലേക്ക് തിരികെക്കൊുവന്നിട്ടു്. മനുഷ്യത്വമുള്ള മനുഷ്യർക്ക് മാത്രമെ ഇങ്ങനെയൊക്കെചെയ്യുവാൻ സാധിക്കൂ. **സേവനരംഗങ്ങളിൽ സ്വന്തം സുരക്ഷയോ ജീവനോ അല്ല പ്രധാനമെന്നു കരുതിയ സ്നേഹമാണ് മദർതെരേസ**. സേവനത്തിന്റെ വിലയറിയില്ലാത്ത ആർ എസ് എസ് നേതാവ് മോഹൻ ഭാഗവതിന്റെ വാക്കുകൾക്ക് സ്നേഹത്തിന്റെ മുഖത്തെ എത്രശ്രമിച്ചാലും ചെളിവാരിത്തേക്കുവാൻ സാധിക്കില്ല.  കനിവിന്റെ മാലാഖയായ മദർ ചെയ്ത സ്നേഹത്തിന്റെ പ്രവൃത്തികളെ മതപരിവർത്തനമെന്ന് വിളിക്കാൻ മാത്രം നിലവാരമില്ലാത്ത നേതൃത്വനിര നമ്മുടെ ജനാധിപത്യരാജ്യത്ത് ഇന്നു് എന്നറിയുമ്പോൾ വേദനതോന്നുന്നു.

നിസ്വാർത്ഥമായി ശുശ്രൂഷിക്കുവാൻഇറങ്ങിത്തിരിച്ചവരെയെല്ലാം സമൂഹം എന്നും വിമർശിച്ചിട്ടു് അല്ലെങ്കിൽ അവരെ ഇല്ലാതാക്കുവാൻ പരിശ്രമിച്ചിട്ടു്. പക്ഷെ അത്തരത്തിലുള്ള പരിശ്രമങ്ങളെല്ലാം സ്നേഹത്തിന്റെ പേരിലുള്ള ശുശ്രൂഷകളെ തളർത്തിയിട്ടില്ല..ഇനി തളർത്തുകയുമില്ല. ജീവൻ നൽകി മറ്റുള്ളവരെ ശുശ്രൂഷിച്ച ക്രിസ്തുവിനെ സമൂഹം കുരിശിൽ തറച്ചുവെങ്കിലും അവന്റെ സേവനമാതൃക ഇന്നും പച്ചകെടുതെ നിൽക്കുന്നു. അവനോട് ചേർന്ന് നമ്മുക്കും ശുശ്രൂഷയുടെ മേച്ചിൽപ്പുറങ്ങൾ തേടിപ്പോകാം. പക്ഷെ അത് സ്നേഹത്തിന് വേി മാത്രമാകണം.

**ഫാ. ജോസഫ് കോയിക്കൽ**